

# മഴ

**ഹരീഷ് ആർ നമ്പൂതിരിപ്പാട്**

ആ മഴ, ഈ മഴ, പേ മഴ, പെരു മഴ
മാനത്തുന്നൊരു മാരിമഴ
താഴേയ്ക്കിങ്ങനെ പെയ്യും നേരം
ഭൂമിക്കെന്തൊരുത്സാഹം!

ചടപട, ചടപട മിന്നലുമിടിയും
കലപില, കലപില പെരുമഴയും
കുളവും തോടും പാടം പുഴയും
നിറഞ്ഞു പൊന്തുമ്പോൾ
മഴകൊണ്ടിങ്ങനെ ഇരുന്നു രസിക്കാൻ
ബഹുരസമാണേ ചങ്ങാതീ!



# പുതുമഴ വന്നേ....

**ജനാർദ്ദനൻ പള്ളിക്കുന്ന്**

വാനത്താരോ തുടികൊട്ടി
മേഘം കെട്ടിയ ചിറപൊട്ടി
മഴ വന്നേ, പുതുമഴ വന്നേ
തരുവിന്നലകൾ കൈകൊട്ടി
കത്തിക്കാളും മണ്ണിൻ ചുണ്ടിന്
മൊത്താൻ ദാഹജലം കിട്ടി
കണ്ണ് തുറക്കും കുഞ്ഞിപ്പൂവിന്
പൊന്നിൻ ചേലൊരു ചിരിപൊട്ടി
പാട്ടും നിർത്തിപ്പോയോരാറിന്
പാടാൻ പുത്തൻ വരികിട്ടി
പാടം നീന്തിക്കയറിയ കാറ്റിന്
പകരാൻ കുളിരിൻ തരികിട്ടി
കണ്ണുതുടച്ചു വരുന്നൊരുഷസ്സിന്
മുങ്ങിക്കേറാൻ നീർകിട്ടി.

കൊങ്കിണി ഭാഷക്ക് ലിപിയില്ല.

# പാവം പൂവൻ കോഴി

**വത്സലൻ കല്ലായി**



വീട്ടിലുള്ള കൂട്ടിലുണ്ട്
കോഴി നല്ല കോഴി!
കൂവിടുന്ന ചന്തമുള്ള
ചോന്ന പൂവൻ കോഴി
ചെമ്പരത്തി തൊപ്പിവെച്ച്
ഗമയിൽ നിൽക്കും കോഴി
അങ്കവാലുയർത്തിയോടും
കേമൻ പൂവൻ കോഴി
വിരുന്നിനായി വന്നവർക്ക്
പ്ലെയിറ്റിലായിട്ടെത്തും
നെയ്യിൽ പൊരിച്ചെടുത്ത
പാവം പൂവൻ കോഴി!

✦



# അഭയമെവിടെ?

**ക്ലാപ്പന ഷൺമുഖൻ**

കെട്ടിടം വെയ്ക്കുവാൻ
വീട്ടിലെ മാമരം
ഒക്കെയുമച്ഛൻ
മുറിച്ചുമാറ്റി
ഇപ്പൊഴോ, എന്നോമൽ
പക്ഷികൾക്കെങ്ങുമേ
വന്നിരിക്കാനൊരു
കൊമ്പുമില്ല
കൊഞ്ചും കിളികൾ തൻ
മൊഞ്ചു നുകർന്നു ഞാൻ
എങ്ങനെ മേലിൽ
രസിച്ചിരിക്കും?!

✦

